ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:20.01.2025**

## പ്രധാനവാർത്തകൾ

1). **മുൻ പ്രധാനമന്ത്രി മൻമോഹൻസിങ്ങിന് ചരമോപചാരം അർപ്പിച്ച് കേരള നിയമസഭ.**

2). **പാറശ്ശാല സ്വദേശി ഷാരോൺ രാജിനെ കൊലപ്പെടുത്തിയ കേസിൽ ഒന്നാം പ്രതി ഗ്രീഷ്മയ്ക്ക് വധശിക്ഷ വിധിച്ച് കോടതി**

3). **പതിനാറാമത് ആദിവാസി യുവജന സാംസ്കാരിക വിനിമയ പരിപാടിക്ക് ഇന്ന് എറണാകുളത്ത് തുടക്കമാകും.**

4). **തീർത്ഥാടന കാലത്തിന് സമാപനം കുറിച്ച് ശബരിമല നട അടച്ചു ; മണ്ഡല -മകരവിളക്ക് സീസണിൽ ദർശനം നടത്തിയത് 53 ലക്ഷത്തോളം ഭക്തർ.**

5). **അണ്ടർ 19 വനിതാ ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ നാളെ മലേഷ്യയെ നേരിടും.**

=========================================

RNU TVPM

**മൻമോഹൻസിങ് -ചരമോപചാരം - (ഇൻട്രോ)**

മുൻ പ്രധാനമന്ത്രി മൻമോഹൻസിങ്ങിന് ചരമോപചാരം അർപ്പിച്ച് കേരള നിയമസഭ. സൗമ്യത കാത്തുസൂക്ഷിക്കുമ്പോഴും തീരുമാനങ്ങളിൽ കാർക്കശ്യം പുലർത്തിയ പ്രധാനമന്ത്രിയായിരുന്നു ഡോ. മൻമോഹൻ സിങ്ങെന്ന് സ്പീക്കർ എ എൻ ഷംസീർ അനുസ്മരിച്ചു.

**(വോയ്സ്..............................)**

ഡോ. മൻമോഹൻ സിംഗിൻറെയും അദ്ദേഹം നേതൃത്വം നൽകിയ യു.പി.എ സർക്കാരിൻറെയും ചില നയങ്ങളിൽ ഇടതുപക്ഷത്തിന് അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നുവെങ്കിലും ഭരണഘടനാ മൂല്യങ്ങളെയും ജനാധിപത്യ സംവിധാനത്തെയും സംരക്ഷിക്കുന്നതിന് അദ്ദേഹമെടുത്ത നിലപാടുകൾ പ്രശംസനീയമാമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ചരമോചചാരം അർപ്പിച്ചുകൊണ്ട് പറഞ്ഞു.

**(വോയ്സ്.........................)**

രാജ്യത്തിൻറെ വിദൂര ഭാഗങ്ങളിൽ പോലും ഉള്ള ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ പ്രധാനമന്ത്രി എന്ന നിലയിൽ മൻമോഹൻസിങ് നടപ്പാക്കിയ കാര്യങ്ങൾ ചരിത്രത്തിൻറെ ഭാഗമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അനുസ്മരിച്ചു.

**(വോയ്സ്.........................)**

വിവിധ കക്ഷിനേതാക്കളും ചരമോപചാരം അർപ്പിച്ചു. തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. സഭ നാളെ രാവിലെ 9 മണിക്ക് വീണ്ടും ചേരും. ഗവർണർ ആർ വി ആർലേക്കർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയം നിയമസഭ നാളെമുതൽ മൂന്ന് ദിവസം ചർച്ച

RNU TVPM

ചെയ്യും. വെള്ളിയാഴ്ചയാണ് പതിനഞ്ചാം നിയമസഭയുടെ പതിമൂന്നാം സമ്മേളനം ആരംഭിച്ചത്.

==========================================

## ഗവർണർ റിപ്പബ്ലിക് ദിനാഘോഷം

ഈ വർഷത്തെ സംസ്ഥാനതല റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ദേശീയ പതാക ഉയർത്തും. റിപ്പബ്ലിക് ദിന പരേഡിൽ അഭിവാദ്യം സ്വീകരിക്കുന്ന ഗവർണർ റിപ്പബ്ലിക് ദിന സന്ദേശം നൽകും. ജില്ല, ബ്ലോക്ക്, പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലങ്ങളിലും പബ്ലിക് ഓഫിസുകൾ, സ്കൂൾ, കോളേജ്, ആരോഗ്യ സ്ഥാപനങ്ങൾ തുടങ്ങിയിടങ്ങളിലും ഞായർ രാവിലെ ഒമ്പതിനോ അതിനു ശേഷമോ ആഘോഷ പരിപാടികൾ സംഘടിപ്പിക്കും.

RNU TVPM

==========================================

## മേരാ യുവ ഭാരത്

പതിനാറാമത് ആദിവാസി യുവജന സാംസ്കാരിക വിനിമയ പരിപാടി ഇന്ന് വൈകിട്ട് എറണാകുളം ഗവൺമെൻറ് യൂത്ത് ഹോസ്റ്റലിൽ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിലെ 200 യുവജനങ്ങളാണ് ഒരാഴ്ചത്തെ പരിപാടിയിൽ പങ്കെടുക്കുന്നത്. ആഭ്യന്തര മന്ത്രാലയവും യുവജനകാര്യ കായിക മന്ത്രാലയവും നെഹ്റു യുവ കേന്ദ്ര സംഘടനും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

==========================================

## സരസമേള -ആലപ്പുഴ

പതിനൊന്നാമത് കുടുംബശ്രീ ദേശീയ സരസ് മേളയ്ക്ക് ഇന്ന് ചെങ്ങന്നൂർ നഗരസഭ സ്റ്റേഡിയത്തിൽ തിരി തെളിയും. വൈകിട്ട് മന്ത്രി എം. ബി. രാജേഷ് ഉദ്ഘാടനം നിർവഹിക്കും. മന്ത്രിമാരായ സജി ചെറിയാൻ, പി പ്രസാദ് എന്നിവർ പങ്കെടുക്കും. പ്രഥമ ശ്രേഷ്ഠ ചെങ്ങന്നൂർ പുരസ്കാരം നടൻ മോഹൻലാലിന് സമ്മാനിക്കും. 23 സംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ 250 സ്റ്റാളുകൾ അടക്കം 350 സ്റ്റാളുകൾ ഉണ്ടാകും.

===============================================

## ശബരിമല

മകരവിളക്ക് തീർഥാടനത്തിന് സമാപനം കുറിച്ച് ഇന്ന് രാവിലെ 6.30-ന് ശബരിമല ക്ഷേത്ര നടയടച്ചു. അഭൂതപൂർവമായ ഭക്തജനതിരക്കിനാണ് ഈ തീർത്ഥാടനകാലം സാക്ഷ്യം വഹിച്ചതെങ്കിലും എല്ലാ വകുപ്പുകളുടെയും കൂട്ടായ ശ്രമത്തിലൂടെ തീർഥാടകർക്ക് സുഗമമായ ദർശനകാലം ഒരുക്കാൻ സർക്കാരിനും ദേവസ്വംബോർഡിനുമായി. പ്രാരംഭ കണക്കുകൾ പ്രകാരം ഈ തീർത്ഥാടന കാലത്ത് ദർശനം നടത്തിയത് 53 ലക്ഷത്തോളം പേരാണ്.

PNJ TVPM

===============================================

## ഷാരോൺ വധക്കേസ് -ശിക്ഷ

കഷായത്തിൽ കീടനാശിനി കലർത്തി നൽകി പാറശ്ശാല സ്വദേശി ഷാരോൺ രാജിനെ കൊലപ്പെടുത്തിയ കേസിൽ ഒന്നാം പ്രതി ഗ്രീഷ്മയ്ക്ക് വധശിക്ഷ. നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. നടന്നത് ആസൂത്രിത കൊലപാതകമെന്ന് കോടതി നിരീക്ഷിച്ചു. മൂന്നാം പ്രതിയായ

നിർമലകുമാരന് മൂന്നു വർഷം തടവ് ശിക്ഷ വിധിച്ചു. ഗ്രീഷ്മയ്ക്ക് 2 ലക്ഷം രൂപ പിഴയും ചുമത്തി.

==========================================

**ബ്രേക്ക്.....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

==========================================

**ട്രെയിൻ സർവീസ്**

ഡൽഹിയിൽ കനത്ത മൂടൽ മഞ്ഞിനെ തുടർന്ന് നിരവധി ട്രെയിൻ സർവീസ് തടസ്സപ്പെട്ടു .അതിവേഗ സർവീസുകൾ ഉൾപ്പെടെ 19 ട്രെയിനുകളാണ് വൈകി ഓടുന്നത് . ട്രെയിനുകളുടെ സമയക്രമീകരണം പരിശോധിച്ച് ഉറപ്പാക്കാൻ യാത്രക്കാർക്ക് റെയിൽവേ നിർദ്ദേശം നൽകി.

==========================================

**കോഴിക്കോട് -നിതിൻ ഗഡ്കരി**

വടകര താലൂക്കിലെ നാഷണൽ ഹൈവേ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് കേന്ദ്രമന്ത്രി നിധിൻ ഗഡ്ഗരി അറിയിച്ചു. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി കെ.പി കുഞ്ഞഹമ്മദ് കുട്ടി എംഎൽഎ നൽകിയ നിവേദനത്തിനുള്ള മറുപടിയിലാണ് മന്ത്രി ഇക്കാര്യമറിയിച്ചത്.

==========================================

**കണ്ണൂർ നാവികസേന- (ഇൻട്രോ)**

സിവിലിയൻ വർഷാചരണത്തിൻറെ ഭാഗമായി ഇന്ത്യൻ നാവിക സേന പുറത്തിറക്കിയ ഗാനം ശ്രദ്ധേയമാകുന്നു. ഗാനത്തിന് പിന്നിൽ ഏഴിമല ഇന്ത്യൻ നേവൽ അക്കാദമിയിലെ രണ്ട് ഉദ്യോഗസ്ഥരാണ്. ന്യൂ ഡൽഹിയിൽ രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗാണ് വീഡിയോ ഗാനം പുറത്തിറക്കിയത്.

RNUTVPM

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്...**

**(വോയിസ്.........)**

=========================================

**<u>മുഖ്യമന്ത്രി - കവചം</u>**

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മുന്നറിയിപ്പ് സംവിധാനമായ കവചം നാളെ വൈകിട്ട് ദുരന്തനിവാരണ അതോറിറ്റി ആസ്ഥാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തൃശൂർ ജില്ലയിലെ ആറ് സ്ഥലത്ത് സ്ഥാപിച്ച മുന്നറിയിപ്പ് സംവിധാനത്തിൻറെ ഉദ്ഘാടനവും ഇതോടൊപ്പം നടക്കും.

=========================================

**<u>ആലപ്പുഴ, അർത്തുങ്കൽ - (ഇൻട്രോ)</u>**

ആലപ്പുഴ അർത്തുങ്കൽ ബസിലിക്കയിലെ മകരം തിരുനാൾ ആഘോഷങ്ങൾക്ക് തിരി തെളിഞ്ഞു. തിരുനാളിനോട് അനുബന്ധിച്ച് ചേർത്തല അമ്പലപ്പുഴ താലൂക്കുകളിൽ ഇന്ന് പ്രാദേശി അവധിയാണ് .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.....**

**(വോയിസ്...............)**

=========================================

**<u>ശിൽപ്പശാല-കൊല്ലം</u>**

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ വാർഷിക മേഖലാ ശില്പശാലയ്ക്ക് കൊല്ലത്ത് തുടക്കമായി. കേരളം, കർണ്ണാടക, ലക്ഷദ്വീപ് എന്നിവിടങ്ങളിലെ കാർഷിക കാലാവസ്ഥാ മേഖലകളെ അടിസ്ഥാനമാക്കിയുള്ള സംയോജിത കൃഷി സമ്പ്രദായങ്ങളുടെ വിശകലനമാണ് ദ്വിദിന ശില്പശാലയുടെ ലക്ഷ്യം.

RNU TVPM

==========================================

**ഫോൺ ഡിസ്പ്ലേ- നഷ്ടപരിഹാരം**

സോഫ്റ്റ് വെയർ അപ്ഡേഷന് ശേഷം മൊബൈൽ ഫോൺ ഡിസ്പ്ലേ കേടായ ഉപഭോക്താവിന് ഫോണിൻറെ വിലയും നഷ്ടപരിഹാരവും നൽകണമെന്ന് തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ വിധിച്ചു. അഭിഭാഷകനായ കെ.ആർ ദിലീപ് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

==========================================

**വിതുര-കാട്ടാന ആക്രമണം**

തിരുവനന്തപുരം വിതുരയിൽ കാട്ടാന ആക്രമണത്തിൽ ഒരാൾക്ക് ഗുരുതര പരിക്ക്. വിതുര സ്വദേശി ശിവാനന്ദൻ കാണിയെയാണ് കാട്ടാന ആക്രമിച്ചത്. ഇന്ന് പുലർച്ചെ 4 മണിയോടെയായിരുന്നു സംഭവം. നട്ടെല്ലിന് പരിക്കേറ്റ ശിവാനന്ദനെ വിദഗ്ധ ചികിത്സയ്ക്കായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

RNUTVPM

==========================================

**വനിതാ ട്വൻറി -20 ലോകകപ്പ്**

ഐ.സി.സി. അണ്ടർ 19 വനിതാ ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിൻറെ രണ്ടാം പതിപ്പിൽ നാളെ ഇന്ത്യ മലേഷ്യയെ നേരിടും. ക്വാലാലംപൂരിൽ നടന്ന ആദ്യ മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ വെസ്റ്റ് ഇൻഡീസിനെ 9 വിക്കറ്റിന് പരാജയപ്പെടുത്തി.

==========================================

**ഐ.എസ്.എൽ**

ഐ.എസ്.എൽ ഫുട്ബോളിൽ നാളെ ചെന്നൈയിൻ എഫ്.സി - മോഹൻ ബഗാൻ പോരാട്ടം. ചെന്നൈയിൽ നാളെ രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഏകപക്ഷീയമായ ഒരു ഗോളിന് ഗോവ ഈസ്റ്റ് ബംഗാളിനെ പരാജയപ്പെടുത്തി.

=========================================

**അമ്പെയ്ത്ത്**

സംസ്ഥാന അമ്പെയ്ത്ത് ചാമ്പ്യൻഷിപ്പിൽ 12 പോയിൻറ് നേടി എറണാകുളം ജില്ല ഓവറോൾ ചാമ്പ്യന്മാരായി. 10 പോയിൻറ് നേടിയ ഇടുക്കിയാണ് രണ്ടാം സ്ഥാനത്ത്.

=========================================

RNU TVPM

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 609 പോയിൻറ് നേട്ടത്തിൽ 77,228-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 161 പോയിൻറ് നേട്ടത്തിൽ 23,366-ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ വർധന. പവന് 59,600 രൂപയും ഗ്രാമിന് 7,450 രൂപയുമാണ് ഇന്നത്തെ വില.

===================

===========================

=========================================